പ്രൊബേഷൻ, സർവ്വീസ് റെഗുലറൈസേഷൻ, പ്രൊമോഷൻ, ലീവ്, ഇൻക്രിമെന്റ് അനുവദിക്കുക, ട്രാൻസ്ഫർ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ ശമ്പളബിൽ തയ്യാറാക്കൽ, ശമ്പള കുടിശ്ശിക ബിൽ തയ്യാറാക്കൽ, ഡി.എ. കുടിശ്ശിക ബിൽ തുടങ്ങിയവ ഈ സംവിധാനത്തിൽകൂടി തയ്യാറാക്കാവുന്നതാണ്. ഓരോ ജീവനക്കാരനും അവരവരുടെ ശമ്പളം, വായ്പ, അവധി, വ്യക്തിഗത വിവരങ്ങൾ എന്നിവ കാണുന്നതിനുള്ള സംവിധാനം ഇതിൽ ലഭ്യമാണ്. സ്വന്തമായി ശമ്പളം എഴുതി വാങ്ങാൻ അധികാരമുള്ള ഉദ്യോഗസ്ഥൻമാരുടെ ശമ്പള ബില്ലുകൾ തയ്യാറാക്കാൻ സ്പാർക്ക് വഴി കഴിയും. 2010 ജൂലൈ 22 വരെ സംസ്ഥാനത്ത് 7132 ഓഫീസുകളിൽ സ്പാർക്ക് നടപ്പിലാക്കി കഴിഞ്ഞു.

(ബി) ഉണ്ട്.

(സി&ഡി) ഇത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും ഇൻഡക്ഷൻ ട്രെയിനിംഗ്

2*(5658) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും ഇൻഡക്ഷൻ ട്രെയിനിംഗ് ഏർപ്പെടുത്തുന്നതിനായി ഐ.എം.ജി. യിൽ എന്തൊക്കെ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) വിവരാവകാശ നിയമത്തിൽ പരിശീലനം നൽകുന്നതിനായി ഐ. എം. ജി. യിൽ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നത് ; ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) സെക്രട്ടറിയേറ്റ് ജീവനക്കാരുടെ പരിശീലനാവശ്യങ്ങൾ നിറവേറ്റാനായി ഐ.എം.ജി.-യിൽ സ്ഥാപിക്കുന്ന ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ;

(ഡി) ഐ.എം.ജി-യെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇൻഡക്ഷൻ പരിശീലന പരിപാടിയുടെ ദൈർഘ്യം 3 ആഴ്ചയായി നിജപ്പെടുത്തിയിരിക്കുന്നു. സർവ്വീസിൽ പുതുതായി പ്രവേശിച്ചിട്ടുള്ള എല്ലാ വിഭാഗങ്ങളിലെയും ജീവനക്കാർക്കായി ഇൻഡക്ഷൻ പരിപാടി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഒരു ബാച്ച് 30 പേർ എന്ന ക്രമത്തിൽ ചുരുങ്ങിയ പക്ഷം

LIBRARY ARCHIVES Kerala Legislative Assembly

699 ബാച്ചുകൾക്ക് പരിശീലനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ജോലി ചെയ്യുന്ന മേഖലയിലെ അറിവും വൈദഗ്ദ്ധ്യവും മെച്ചപ്പെടുത്തുക, പൊതു ജനങ്ങൾക്ക് അനുകൂലമായ ഒരു നിലപാട് രൂപപ്പെടുത്തുക, കർത്തവ്യ നിർവ്വഹണത്തിൽ മികവ് രൂപപ്പെടുത്തുക എന്നിവയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

(ബി) വിവരാവകാശ നിയമത്തിൽ പരിശീലനം നൽകുന്നതിനായി ഐ.എം.ജി.യിൽ നിന്ന് പരിശീലകരെ ഇന്ത്യയിലെ പ്രമുഖ പരിശീലന കേന്ദ്രങ്ങളിൽ അയച്ച് പരിശീലിപ്പിക്കുകയും ആ പ്രാഗത്ഭ്യത്തിന്റെ പശ്ചാത്തലത്തിൽ വിവരാവകാശ നിയമത്തെക്കുറിച്ചുള്ള പരിശീലന പരിപാടികൾ 2005-06 ന്റെ അവസാന മാസങ്ങളിൽ നടത്തി തുടങ്ങിയത് 2006-07, 2007-08, 2008-09, 2009-10, 2010-11 പരിശീലന വർഷങ്ങളിലും തുടർന്നുവരികയും ചെയ്യുന്നു.

ഒന്നാംഘട്ട പരിശീലനം (2006-09)

കേന്ദ്ര സർക്കാരിന്റെ അംഗീകൃത ഏജൻസിയായി ഐ.എം.ജി. യെ പ്രഖ്യാപിക്കുകയും "Capacity Building for Right to Information Act" എന്ന വിഷയത്തിൽ 2006-09 കാലഘട്ടത്തിൽ പരിശീലനം നൽകുകയും ചെയ്തു. പ്രസ്തുത കാലഘട്ടത്തിൽ 65 പരിശീലന പരിപാടികളിലായി 2793 പേർക്ക് പരിശീലനം നൽകി. ഒന്നാം ഘട്ടത്തിൽത്തന്നെ യു.എൻ.ഡി.പി. സഹായത്തോടെ Capacity Building for Access to Information (CBAI) എന്ന പദ്ധതി ഐ.എം.ജി. ഏറ്റെടുക്കുകയും ഏകദേശം 20,000ത്തോളം പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ, അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ, അപ്പലേറ്റ് അതോറിറ്റി, എൻ.ജി.ഒ. മുതലായവരെ പരിശീലിപ്പിക്കുകയുമുണ്ടായി.

രണ്ടാംഘട്ട പരിശീലനം (2009-11)

വിവരാവകാശ നിയമത്തിന്റെ സ്ഥാപനവത്കരണത്തിനുവേണ്ടി ഐ.എം.ജി. യെ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തുകയുണ്ടായി. കേന്ദ്ര സർക്കാർ പദ്ധതിയായ "Strengthening capacity Building and Awareness Generation for effective implementation of the RTI Act" ഇപ്പോൾ ഐ.എം.ജി.യിൽ നടത്തിക്കൊണ്ടിരിക്കുന്നു. ഒന്നാം ഘട്ട പരിശീലനത്തിൽ നിന്ന് ആർജ്ജിച്ച മുൻപരിചയവും പ്രാഗത്ഭ്യവും ഒരു RTI Knowledge Centre സ്ഥാപിക്കുന്നതിന് ഐ.എം.ജി-യെ സഹായിച്ചു. ഈ സെന്റർ വിവരാവകാശ നിയമത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അക്കാദമിക സഹായങ്ങളും നൽകുന്നതിനായിട്ടാണ് സ്ഥാപിച്ചിട്ടുള്ളത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കുടുംബശ്രീയുടെ സഹായത്തോടെ വിവരാവകാശം സ്ഥാപിച്ചെടുക്കുന്നതിനുള്ള സഹായം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. പരിശീലകർക്കുള്ള പരിശീലന പരിപാടികൾ ജില്ലാതലത്തിലും വകുപ്പ് തലത്തിലും കേന്ദ്ര സംസ്ഥാന ഭേദമന്യേ നടത്തിവരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരേതര സ്ഥാപനങ്ങൾ മറ്റു സാമൂഹ്യ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വിഭാഗങ്ങൾ എന്നിവർക്കായി ഈ Knowledge Centre ഉപയോഗപ്പെടുത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

RTI Knowledge Portal

RTI Knowledge Centre, RTI Knowledge Portal-ന്റെ ഒരു സംരംഭം ആണ്. IIITM-K -യുടെ സാങ്കേതിക സഹായത്തോടെയാണ് ഇത് സ്ഥാപിച്ചിട്ടുള്ളത്. പൊതുജനത്തിന് വിവരാവകാശത്തിൽ അറിവുപകരാനും സർക്കാർ ജീവനക്കാർക്ക് വിവരാവകാശ നിയമം മനസ്സിലാക്കാനും പ്രായോഗിക തലത്തിൽ വരുത്തുവാനുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി താഴെപ്പറയുന്ന 13 പ്രധാന മേഖലയിൽ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുകയും നടത്തിവരികയുമാണ്.

- The New Induction Training Programme for Secretariat Assistants
- E-Governance Training
- Right to Information (RTI)
- Minutes Writing Workshop
- Training on Communication and Conversation Skill Development
- Induction/Orientation Training for Class IV Employees
- Workshop on Preparation of Council Notes
- Management Development Programme for Senior Officers
- Training Programme on Auditing and Budgeting
- Training Administrative Vigilance
- Supervisory Development Programme for Section Officers
- Training Programme on Legislative Drafting for Law Department
- Special Training for Finance Officers

(ഡി) ക്രമാനുഗതമായ നിരന്തര പരിശ്രമത്തിലൂടെ ഐ.എം.ജി. ഒരു മികവിന്റെ കേന്ദ്രമായിക്കൊണ്ടിരിക്കുകയാണ്. ഇ-ഗവേണൻസ്, ന്യൂ ഇൻഡക്ഷൻ ട്രെയിനിംഗ്, സൈബർ സെക്യൂരിറ്റി, ജെൻഡർ സെൻസിറ്റൈസേഷൻ, മിനിട്ട്സ് റൈറ്റിംഗ്, വിവരാവകാശ നിയമം തുടങ്ങി എല്ലാ മേഖലകളിലുമുള്ള മികവ് പൂർത്തിയാകുമ്പോൾ ഈ നേട്ടം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.